**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** | **08-10-2021 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ,**<br>**ശ്രീ. മുരളി പെരുനെല്ലി,**<br>**ശ്രീ. പി. ടി. എ. റഹീം** | | **Shri. P. Prasad**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കാനുതകുന്ന പ്രത്യേക പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; ഇതിനനുബന്ധമായി എന്തെല്ലാം പ്രവർത്തനങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ഉണ്ട്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ഇതിനനുബന്ധമായി സ്വീകരിച്ച പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | തരിശുനിലങ്ങൾ കൃഷിയിടങ്ങളാക്കുന്ന പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. 2020-21 വർഷത്തിൽ കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഭക്ഷ്യോത്പന്നങ്ങളുടെ വരവ് പ്രതികൂലമായി ബാധിക്കാനുള്ള സാധ്യത കണക്കിലെടുത്തും ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടും കൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയാണ് സുഭിക്ഷകേരളം. കൃഷി വകുപ്പ്, മൃഗസംരക്ഷണ വകുപ്പ്, ക്ഷീര വികസന വകുപ്പ്, മത്സ്യബന്ധന വകുപ്പ്, സഹകരണ വകുപ്പ്, ജലസേചന വകുപ്പ് തുടങ്ങിയ വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വ ത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. 2021 -22 വർഷത്തിലും ബഹു. മുഖ്യമന്ത്രിയുടെ മുൻഗണന പ്രൊജക്റ്റിൽ ഉൾപ്പെടുത്തി ആയത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. 2020-21 വർഷത്തിൽ 22848ഹെക്ടർ തരിശുഭൂമിയിൽ കൃഷിയിറക്കുകയും 6145 ലക്ഷം രൂപയുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യുകയും ചെയ്തു. |

| | | | |
|---|---|---|---|
| | | | തരിശ് കൃഷി നടപ്പിലാക്കിയതിന്റെ വിവരങ്ങൾ അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്. |
| (സി) | ഇതിനായി നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 2008ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ പതിനാറാം വകുപ്പിൽ തരിശ് നെൽവയലിൽ കൃഷി ചെയ്യിപ്പിക്കുന്നത് സംബന്ധിച്ച് ഭേദഗതി വരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം-3 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) | നെൽകൃഷി ചെയ്യുന്ന ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള നടപടികളിൽ എത്രത്തോളം പുരോഗതി കൈവരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കാമോ? | (ഡി) | നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 202907 ഹെക്ടർ വരെ (2018-19 വർഷത്തിൽ) വർദ്ധിപ്പിക്കാൻ സാധിച്ചു. 2015-16 നെ അപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽ വിസ്തൃതിയിലും ആനുപാതികമായി ഉത്പാദനത്തിലും കുറവ് വന്നിരുന്നു. 2016-17 വർഷത്തിൽ രണ്ടാം വിള കാലത്ത് ഉണ്ടായ രൂക്ഷമായ വരൾച്ചയാണ് ആയതിനു കാരണമായത്. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ (2015-16മുതൽ 2020-21 വരെ) നെൽകൃഷി വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ അനുബന്ധം- 4 ആയി ചേർക്കുന്നു. 2016-17 ലെ രണ്ടാം വിള കാലത്ത് ഉണ്ടായ രൂക്ഷമായ വരൾച്ച കാരണം പ്രസ്തുത വർഷം തിരുവനന്തപുരം ജില്ലയിൽ 36.40 ഹെക്ടർ സ്ഥലത്ത് ഞാറ്റടി ഉണങ്ങിപ്പോവുകയും, രൂക്ഷമായ വരൾച്ച കാരണം പാലക്കാട് ജില്ലയിൽ രണ്ടാം വിള കാലത്ത് ജില്ലാ വിള നിർണ്ണയ സമിതി സ്ഥിതിഗതികൾ അവലോകനം ചെയ്ത് അപ്പോഴത്തെ പ്രത്യേക സാഹചര്യം കർഷകരെ ബോധ്യപ്പെടുത്തി 13990 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഇറക്കിയില്ല. ഈ സാഹചര്യങ്ങൾ മൂലമാണ് പ്രസ്തുത വർഷത്തിൽ ഗണ്യമായ കുറവ് വന്നത്. ഇക്കാരണങ്ങളാൽ 2015-16 നെ അപേക്ഷിച്ച് 2016-17-ൽ വിസ്തൃതി ഗണ്യമായി കുറയുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം-1</u>

**നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് സർക്കാർ നടത്തിയ ഇടപെടലുകൾ:**

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി.

സംസ്ഥാനവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിക്കായി 2016-17 വർഷം മുതൽ 2020-21 വർഷം വരെയുള്ള കാലയളവിൽ 32858.55 ലക്ഷം രൂപയാണ് ചെലവഴിച്ചത്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| **വർഷം** | **പദ്ധതി ചെലവ് (ലക്ഷം രൂപ )** |
|---|---|
| 2016-17 | 4331.615 |
| 2017-18 | 6394.48 |
| 2018-19 | 8206.803 |
| 2019-20 | 5342.85085 |
| 2020-21 | 8582.8 |
| **ആകെ** | **32858.54885** |

2016-17 വർഷം മുതൽ 2020-21 വർഷം വരെയുള്ള കാലയളവിൽ ചെലവഴിച്ച 32858.55 ലക്ഷം രൂപയിൽ 17402.48 ലക്ഷം രൂപ സുസ്ഥിര നെൽകൃഷി വികസനം എന്ന ഘടക പദ്ധതിക്കും 1343.25 ലക്ഷം രൂപ കരനെൽകൃഷിക്കുള്ള ആനുകൂല്യമായും 330.78 ലക്ഷം രൂപ പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായും 4495.27 ലക്ഷം രൂപ തരിശു നെൽകൃഷിക്കായും, 503.84163 ലക്ഷം രൂപ ഒരുപ്പൂ നിലങ്ങളിൽ ഇരുപ്പൂ കൃഷി ചെയ്യുന്നതിനുമാണ് ചെലവഴിച്ചത്. കൂടാതെ 1600.71 ലക്ഷം രൂപ പാടശേഖര സമിതികളുടെ പ്രവർത്തന ചെലവുകൾക്കായും 125.57 ലക്ഷം രൂപ സംസ്ഥാനത്തെ 10 നെൽകൃഷി വികസന ഏജൻസികൾക്കുള്ള സഹായമായും നൽകി. തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളുടെ വികസനത്തിനായി 319.53 ലക്ഷം രൂപ ഓപ്പറേഷൻ കോൾ ഡബിൾ എന്ന പ്രത്യേക പദ്ധതി പ്രകാരം ചെലവഴിച്ചു. കൂടാതെ രജിസ്റ്റേർഡ് നെൽ വിത്തുത്പാദനത്തിനായി 207 ലക്ഷം രൂപ ചെലവഴിച്ചു. കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കി. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ചേർത്ത് ആകെ 113.103 ലക്ഷം രൂപ കഴിഞ്ഞ അഞ്ചു വർഷത്തിൽ ഈ പദ്ധതിക്കായി ചെലവഴിച്ചു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിൽ ഉൾപ്പെടുത്തി **Productivity Improvement of Paddy in Kerala** എന്ന ഘടകത്തിലൂടെ 9000 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ ഇതേ പദ്ധതിയിൽ 2020-21 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി 2374.474 ലക്ഷം രൂപ ചെലവഴിച്ച് 3038.92 ഹെക്ടർ തരിശ് സ്ഥലത്ത് നെൽകൃഷി നടപ്പിലാക്കി. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഗ്രാമപഞ്ചായത്തുകൾക്കായി 5542.92 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 161.63 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 2.41 ലക്ഷം രൂപയും വിതരണം ചെയ്തു.

2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി വരുന്നു. അപ്രകാരം 10000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തിരം സംഭരിച്ച് വിതരണം ചെയ്യുവാനും ലക്ഷ്യമിടുന്നു. 2021-22 വർഷത്തിൽ നെൽകൃഷി പ്രോത്സാഹിപ്പിക്കാൻ സംസ്ഥാനാവിഷ്കൃത **നെൽകൃഷി വികസന പദ്ധതി** പ്രകാരം നടപ്പിലാക്കുന്ന വിവിധ പദ്ധതി ഘടകങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു :

**A . സുസ്ഥിര നെൽകൃഷി വികസന പദ്ധതി :** സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**B . നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഫണ്ട്-** സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിൽ 68.16266 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**C . പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കുള്ള പ്രോത്സാഹനം -** പദ്ധതി പ്രകാരം പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല & ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10000/- രൂപ സബ്സിഡി നിരക്കിൽ 500 ഹെക്ടറിൽ പദ്ധതി നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**D . പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായുള്ള പദ്ധതി-** പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ 83334 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് സഹായധനം നൽകുന്നതിന് വേണ്ടി 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**E . കരനെൽകൃഷി വികസനം-** കരനെൽകൃഷി പ്രോൽസാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 13600/- രൂപ നിരക്കിൽ 404.41 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 55 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**F . തരിശുനില കൃഷി -**തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഒന്നാം വർഷം ഹെക്ടറൊന്നിനു ആകെ 40,000/- രൂപ (35,000/- രൂപ കർഷകനും, 5,000/- രൂപ ഭൂവുടമകൾക്കും)സഹായധനമായി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ ഘടക പദ്ധതിയായ തരിശ് നെൽകൃഷിക്ക് വേണ്ടി 300 ലക്ഷം രൂപ 750 ഹെക്ടറിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി നീക്കി വെച്ചിട്ടുണ്ട്.

**G . ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി -** ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി ഹെക്ടറൊന്നിനു 10000 രൂപ നിരക്കിൽ 500 ഹെക്ടറിൽ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**H . നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റി -** നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരം മാറ്റുന്നത് തടയുന്നതിനും നെൽകൃഷിയുടെ പ്രോത്സാഹനത്തിനുമായി നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ

നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ 1500 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

**I . പരമ്പരാഗത നെൽകൃഷി മേഖലകളിലെ നെൽകൃഷിക്ക് പ്രത്യേക ധനസഹായം -** പരമ്പരാഗത നെൽകൃഷി മേഖലകളായ കരി, പൊക്കാളി, കയ്പാട് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പദ്ധതിയധിഷ്ഠിതമായുള്ള നെൽകൃഷി വികസന പ്രവർത്തനങ്ങൾക്ക് 136 ലക്ഷം രൂപ വകയിരുത്തിയിരിക്കുന്നു.

**J . ഓപ്പറേഷൻ കോൾ ഡബിൾ :** കോൾ മേഖലയിലെ പ്രോജക്ടാധിഷ്ഠിതമായുള്ള നെൽകൃഷി വികസനത്തിന് 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ടി പദ്ധതിപ്രകാരം 2021-22 വർഷം നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

| **ക്രമ നം.** | **ഇനം** | **തുക (ലക്ഷം രൂപ)** |
|---|---|---|
| 1 | പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കുന്നതിന് | 35 |
| 2 | ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി | 15 |
| 3 | 1000 ഹെക്ടറിൽ ഇരുപ്പൂ നെൽകൃഷി ചെയ്യുന്നതിന് (ഹെക്ടറിന് 10000 രൂപ പ്രകാരം) ആനുകൂല്യം | 100 |
| 4 | ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ ചോളം/എണ്ണക്കുരു വിളകൾ 400 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 10000 രൂപ പ്രകാരം ആനുകൂല്യം | 40 |
| 5 | വൈദ്യുതി കണക്ഷൻ / ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് | 5 |
| 6 | നിർവ്വഹണച്ചെലവ് | 5 |
| | **ആകെ** | **200** |

**K . പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളിലെ അടിയന്തിര അടിസ്ഥാനസൗകര്യ പ്രവർത്തനങ്ങൾക്കുള്ള ധനസഹായം :** പ്രകൃതിക്ഷോഭത്തിന്റെ പശ്ചാത്തലത്തിൽ പാടശേഖരങ്ങളോടനുബന്ധിച്ച കനാലുകളിലെ തടസ്സങ്ങൾ നീക്കൽ, പമ്പ് സെറ്റിന്റെയും മറ്റ് മെഷിനറികളുടെയും റിപ്പയർ മുതലായ അടിയന്തിര പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് 50 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്.

**L . പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യവികസനം റൈസ് മിൽ സ്ഥാപിക്കൽ ബ്ലോക്ക് ലെവൽ കൺവെർജെൻസ് :** പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. പദ്ധതി പ്രകാരം 5 ലക്ഷം വരെയുള്ള പ്രവൃത്തികൾ ജില്ലാ തലത്തിലുള്ള സമിതിയും അഞ്ചു ലക്ഷത്തിലധികമായ പ്രവൃത്തികൾക്ക് ജില്ലാതല സമിതിയുടെ ശുപാർശയോടെ സംസ്ഥാനതല സമിതിയുമാണ് അംഗീകാരം നൽകുന്നത്.

**2. മറ്റ് പദ്ധതികൾ**

- മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5400 രൂപ നൽകുന്നു. ഇതിനായി 3050 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

- നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസ് ആയി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

- നെൽകൃഷിക്ക് ഭൂപരിധിയില്ലാതെയും മറ്റു വിളകൾക്ക് 2 ഹെക്ടർ വരെയും ജലസേചനത്തിന് വൈദ്യുതി സൗജന്യമായി അനുവദിച്ച് വരുന്നു.

### 3. കേന്ദ്രാവിഷ്കൃത പദ്ധതികൾ

നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. 2021-22 വർഷത്തിൽ 88.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്.

രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ **Productivity Improvement of Paddy in Kerala** എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലക വളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4500/- രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യ വർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കുന്നതിനും സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിനും ആയി 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

### 4. ജനകീയാസൂത്രണം :

ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽ കൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്.

### 5. പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിക്കുന്ന സാഹചര്യത്തിൽ നൽകുന്ന സഹായം

പ്രകൃതിക്ഷോഭം മൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതി ക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15000 രൂപയും 45 ദിവസത്തിനു ശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35000 രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്.

കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന **കിലോയ്ക്ക് 28.72 രൂപ** നിരക്കിൽ സംഭരിക്കുന്നു.

**അനുബന്ധം -2**

**തരിശ് നില കൃഷി നടപ്പിലാക്കിയതിന്റെ വിവരങ്ങൾ :**

തരിശ് നിലകൃഷിയിൽ ഉൾപ്പെടുത്തി നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ,കിഴങ്ങ് വർഗ്ഗവിളകൾ, പയർവർഗ്ഗവിളകൾ, ചെറുധാന്യങ്ങൾ(Millets) എന്നിവയുടെ വിസ്തൃതി 22,847 ഹെക്ടർ ആയി വർദ്ധിച്ചിട്ടുണ്ട്.

**(എ) നെല്ല് :** സംസ്ഥാനത്തുള്ള 5000 ഹെക്ടർ തരിശു നിലങ്ങൾ കണ്ടെത്തി കൃഷി ഇറക്കുന്നതിന് ഹെക്ടറിന് 40000 രൂപ ധനസഹായം നല്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നാളിതുവരെ 9070 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ബി) പച്ചക്കറി കൃഷി** : ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടുപിടിച്ച്, 7000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി അധികമായി ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് 40000 രൂപ സഹായമായി നല്കാൻ പദ്ധതിയിടുകയും നാളിതുവരെ 4527 ഹെക്ടർ തരിശ് കൃഷി ചെയ്യുകയും ചെയ്തിട്ടുണ്ട്.

**(സി) ഫല വർഗ്ഗ കൃഷി :** ആരോഗ്യദായകമായ ഭക്ഷണങ്ങളുടെ പട്ടികയിൽ പഴങ്ങൾ ഒഴിച്ചുകൂടാനാകാത്തതാണ്. അൻപതോളം പഴയിനങ്ങൾ കേരളത്തിൽ ഉണ്ടെങ്കിലും നേന്ത്രൻ, ഞാലി പൂവൻ, പൂവൻ, കപ്പവാഴ, പാളയംകോടൻ, റോബസ്റ്റ എന്നീ ഇനങ്ങൾ വ്യാപകമായി കൃഷി ചെയ്ത് ഒരു വർഷത്തിനകം ഉല്പാദനക്ഷമമാവുകയും ഭക്ഷ്യ - പോഷക ഭദ്രത ഉറപ്പ് വരുത്തുകയും ചെയ്യുക എന്നത് ലക്ഷ്യമിട്ട് നടപ്പ് വർഷം 7000 ഹെക്ടർ സ്ഥലത്ത് യോജ്യമായ ഫലവർഗ്ഗ കൃഷി വ്യാപനത്തിന് ഹെക്ടർ ഒന്നിന് 40000 രൂപ പ്രകാരം ധനസഹായം നല്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നാളിതുവരെ 3381 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ഡി) കിഴങ്ങ് കൃഷി :** നാമമാത്രമായ പരിചരണം കൊണ്ട് മികച്ച ഉല്പാദനം ലഭിക്കുന്ന കിഴങ്ങുവിളകൾ, ഉഷ്ണമേഖലയായ കേരളത്തിൽ വളരെ യോജിച്ചതാണ്. ചേന, മരച്ചീനി, ചേമ്പ്, കാച്ചിൽ, മധുര കിഴങ്ങ്, കൂർക്ക തുടങ്ങിയ ഒട്ടനവധി കിഴങ്ങ് വർഗ്ഗങ്ങൾ കൃഷി ചെയ്ത് 5000 ഹെക്ടർ തരിശ് ഭൂമിയിൽ ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷി ചെയ്യിക്കാൻ ലക്ഷ്യമിട്ടിരുന്നതിൽ നാളിതുവരെ 4908 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(ഇ) പയർ വർഗ്ഗ കൃഷി :** മാംസ്യത്തിന്റെ മികച്ച സ്രോതസ്സായ പയർ വർഗ്ഗങ്ങൾ നിത്യവും ആഹാരത്തിന്റെ ഭാഗമാക്കേണ്ടത് ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. ഉഴുന്ന്, മുതിര, തുവര, ചെറുപയർ, വൻപയർ ഒന്നാം വിളയ്ക്ക് ശേഷമോ രണ്ടാം വിളക്ക് ശേഷമോ കൃഷി ചെയ്യുന്നത് ഇവിടത്തെ സമ്പ്രദായമായിരുന്നു. 500 ഹെക്ടർ സ്ഥലത്ത് 30000 രൂപ സഹായത്തോടെ പയർ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിടുകയും നാളിതുവരെ 636 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

**(എഫ്) ചെറുധാന്യങ്ങൾ** : സംസ്ഥാനത്തിന് ആവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 20 ശതമാനത്തിൽ താഴേ മാത്രം ഉല്പാദിപ്പിക്കുന്ന നമ്മുടെ നാട്ടിൽ ഫലഭൂയിഷ്ഠത കുറഞ്ഞ മണ്ണിൽ വലിയ പരിചരണമില്ലാതെ തന്നെ ഉല്പാദിപ്പിച്ചെടുക്കാവുന്ന ഭക്ഷ്യവിളയാണ് ചെറുധാന്യങ്ങൾ. പ്രാഥമികമായി 500 ഹെക്ടർ തരിശ് സ്ഥലത്ത് ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിടുകയും നാളിതുവരെ 325 ഹെക്ടർ തരിശ് കൃഷി നടത്തുകയും 149163 കർഷകർ തരിശ് കൃഷിയിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

തരിശ് നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് 2021 - 22 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകളെ സംയോജിപ്പിച്ച് പ്രത്യേക പദ്ധതിയായി പരിഗണിച്ച് പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

**അനുബന്ധം -3**

2008 ലെ കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ പതിനാറാം വകുപ്പിൽ തരിശ് നെൽവയൽ കൃഷി ചെയ്യൽ സംബന്ധിച്ച് വരുത്തിയ ഭേദഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) (2)-ാം ഉപവകുപ്പിന് പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :-

(2) (1)-ാം ഉപവകുപ്പ് പ്രകാരം ഒരു കത്ത് ലഭിക്കുന്നതിന്മേൽ, അപ്രകാരമുള്ള കത്ത് ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം, നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകിക്കൊണ്ടോ അത് നിരസിച്ചുകൊണ്ടോ, രേഖാമൂലം മറുപടി നൽകേണ്ടതാണ്.

(2) (3)-ാം ഉപവകുപ്പിൽ "നിശ്ചിത കാലയളവിലേക്ക്" എന്ന വാക്കുകൾക്ക് പകരം "ഒരു പ്രാവശ്യം രണ്ടു വർഷത്തിൽ കവിയാതെയുള്ള ഒരു കാലയളവിലേക്ക്" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(3) (3)-ാം ഉപവകുപ്പിന് ശേഷം, താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :-

(3 എ) നെൽവയലിന്റെ അനുഭവക്കാരൻ, 15-ാം വകുപ്പ് പ്രകാരമുള്ള നിർദ്ദേശത്തിനോ (1)-ാം ഉപവകുപ്പ് പ്രകാരം ആവശ്യപ്പെട്ടതിനോ അനുമതിയോ മറുപടിയോ നൽകാത്തപക്ഷം, സമിതിക്ക്, നെൽവയലിന്റെ അനുഭവക്കാരനോട്, നെൽവയലിൽ സ്വയം കൃഷി ചെയ്യുന്നതിനോ അല്ലെങ്കിൽ തന്റെ ഇഷ്ടാനുസരണം മറ്റ് ഏതെങ്കിലും ആൾ മുഖേന കൃഷി ചെയ്യിപ്പിക്കുന്നതിനോ, അല്ലെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ മുഖേന, പ്രസ്തുത നെൽവയൽ കൃഷി ചെയ്യിപ്പിക്കുന്നതിനുള്ള അനുമതി നൽകുന്നതിനോ വീണ്ടും ആവശ്യപ്പെടാവുന്നതാണ്.

(3 ബി) (3 എ) ഉപവകുപ്പുപ്രകാരമുള്ള ഒരു കത്ത് ലഭിക്കുന്നതിന്മേൽ, നെൽവയലിന്റെ അനുഭവക്കാരൻ, അനുമതി നൽകിക്കൊണ്ടോ നിരസിച്ചു കൊണ്ടോ ഉള്ള, രേഖാമൂലമുള്ള ഒരു മറുപടി, അപ്രകാരമുള്ള കത്ത് ലഭിച്ച തീയതി മുതൽ പതിനഞ്ച് ദിവസങ്ങൾക്കകം നൽകേണ്ടതാണ്.

(3 സി) നെൽവയലിന്റെ അനുഭവക്കാരൻ (3 ബി) ഉപവകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള കാലയളവിനുള്ളിൽ ഒരു മറുപടി നൽകാത്തിടത്ത്, നെൽവയലിന്റെ അനുഭവക്കാരൻ, അനുമതി നൽകിയതായി കരുതപ്പെടുന്നതും (3 ജി) ഉപവകുപ്പിൻകീഴിൽ സമിതി, നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(3 ഡി) നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നൽകുന്ന പക്ഷം, സമിതിക്ക്, (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്ത പ്രകാരം നടപടികൾ സ്വീകരിക്കാവുന്നതാണ്.

(3 ഇ) നെൽവയലിന്റെ അനുഭവക്കാരൻ അനുമതി നിരസിക്കുന്ന പക്ഷം, സമിതി, റവന്യൂ ഡിവിഷണൽ ഓഫീസർക്ക് വിഷയം റഫർ ചെയ്യേണ്ടതാണ്.

(2 എഫ്) റവന്യൂ ഡിവിഷണൽ ഓഫീസർ, അപ്രകാരം റഫർ ചെയ്ത് ലഭിക്കുന്നതിൻമേൽ, ബന്ധപ്പെട്ട കക്ഷികളെ കേൾക്കേണ്ടതും, മുപ്പത് ദിവസങ്ങൾക്കുള്ളിൽ വിഷയം തീർപ്പാക്കേണ്ടതും, അപ്രകാരം വിഷയം തീരുമാനിക്കുമ്പോൾ, റവന്യൂ ഡിവിഷണൽ ഓഫീസർ, അപ്രകാരമുള്ള നെൽവയലിൽ കൃഷി ചെയ്യുന്നത്, ചേർന്ന് കിടക്കുന്ന നെൽവയലിൽ കൃഷി ചെയ്യുന്നതിനോ അല്ലെങ്കിൽ സംസ്ഥാനത്ത് നെൽകൃഷി വ്യാപിപ്പിക്കുന്നതിനോ അല്ലെങ്കിൽ അപ്രകാരമുള്ള മറ്റ് കാരണങ്ങളാലോ,

ഒഴിച്ചുകൂടാനാവാത്തതാണോ എന്നത് പരിഗണിക്കേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(3 ജി) റവന്യൂ ഡിവിഷണൽ ഓഫീസർ, (3 എഫ്) ഉപവകുപ്പ് പ്രകാരം അനുമതി നൽകുന്ന പക്ഷം, അല്ലെങ്കിൽ (3 സി) ഉപവകുപ്പ് പ്രകാരമുള്ള കൽപിത അനുമതിയുടെ സംഗതിയിൽ, സമിതിക്ക്, അതതു സംഗതിപോലെ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷനെ രേഖാമൂലം അറിയിക്കാവുന്നതും, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷന്, ലേലം വഴിയോ മറ്റ വിധത്തിലോ, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം, ഉത്തരവ് വഴി, ഒരു പ്രാവശ്യം പരമാവധി രണ്ട് വർഷക്കാലയളവിലേക്ക് കൃഷി ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്താവുന്നതുമാണ്:

എന്നാൽ, (3 ജി) ഉപവകുപ്പ് പ്രകാരം അപ്രകാരം കൃഷി ചെയ്യുവാൻ ഉത്തരവാകുന്നിടത്ത്, അപ്രകാരമുള്ള നെൽക്കൃഷിയിൽ നിന്നും ലഭിക്കുന്ന തുക, ഭൂമിയിന്മേലുള്ള നികുതി കുടിശ്ശികയിലേയ്ക്കും സർക്കാരിന് കിട്ടേണ്ട മറ്റു തുക ഏതെങ്കിലുമുണ്ടെങ്കിൽ, അതിലേക്കും, നെൽക്കൃഷി ചെയ്യുന്നതിന് ഉണ്ടായ ചെലവിലേക്കും ആദ്യം തട്ടിക്കിഴിക്കേണ്ടതും, ശേഷിക്കുന്ന തുകയിലെ എഴുപത്തിയഞ്ച് ശതമാനം തുക, (4)-ാം ഉപവകുപ്പ് പ്രകാരം നെൽക്കൃഷി ചെയ്യുവാൻ ഏൽപ്പിച്ചുകൊടുത്ത ഏജൻസിക്ക് നീക്കിവെക്കേണ്ടതും ശേഷിക്കുന്ന തുക, നെൽവയലിന്റെ അനുഭവക്കാരന് നൽകേണ്ടതുമാണ്.എന്നു മാത്രമല്ല, നെൽകൃഷി സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ ആർക്കെങ്കിലും നല്കേണ്ടതായ തുകയോ അല്ലെങ്കിൽ അപ്രകാരമുള്ള മറ്റ് ഏതെങ്കിലും കാര്യമോ സംബന്ധിച്ച് ഏതെങ്കിലും തർക്കമുണ്ടാകുന്നപക്ഷം അധികാരിതയുള്ള സിവിൽ കോടതി ആയത് സമ്മറിയായി ന്യായനിർണ്ണയം നടത്തേണ്ടതും, നെൽകൃഷിയുടെ അനുഭവക്കാരൻ അയാളുടെ വിഹിതം സ്വീകരിക്കാത്തപക്ഷം, നെൽകൃഷിയുടെ അനുഭവക്കാരനോ അല്ലെങ്കിൽ അയാളുടെ നിയമപരമായ അവകാശികളോ അവകാശവാദം ഉന്നയിക്കുന്നതുവരെ പഞ്ചായത്തിന്റെ / മുനിസിപ്പാലിറ്റിയുടെ / കോർപ്പറേഷന്റെ സെക്രട്ടറി സൂക്ഷിച്ചുവരുന്ന സർക്കാർ അക്കൌണ്ടിൽ അപ്രകാരമുള്ള വിഹിതം നിക്ഷേപിക്കേണ്ടതുമാണ്.

(3 എച്ച്) അതതു സംഗതിപോലെ നെൽവയലിന്റെ അനുഭവക്കാരനോ അയാളുടെ നിയമപരമായ അവകാശികളോ അവകാശവാദം ഉന്നയിക്കുമ്പോൾ, പഞ്ചായത്തിന്റെ / മുനിസിപ്പാലിറ്റിയുടെ/കോർപ്പറേഷന്റെ സെക്രട്ടറി സിവിൽ കോടതിയുടെ വിധിന്യായത്തിനനുസൃതമായി പണം നല്കേണ്ടതാണ്.

(3 ഐ) നെൽവയലിന്റെ അനുഭവക്കാരൻ, ഏതെങ്കിലും ഏജൻസിയെ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുത്തതിനു ശേഷം, ഏതെങ്കിലും സമയത്ത് അയാളുടെ ഭൂമിയിൽ നെൽകൃഷി ചെയ്യുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്നപക്ഷം നെൽകൃഷിയുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ ഏതെങ്കിലും ഉണ്ടെങ്കിൽ അത് പൂർത്തിയാക്കിയതിനു ശേഷം, പ്രസ്തുത നെൽവയലിന്റെ അനുഭവക്കാരന് തിരികെ നല്കി എന്ന് സമിതി ഉറപ്പുവരുത്തേണ്ടതാണ്.

എന്നാൽ നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നാണ് അവസാനിച്ചതെന്നോ എന്ന് അവസാനിക്കുമെന്നോ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടാകുന്നപക്ഷം, സമിതി കൃഷി ഓഫീസറിൽ നിന്നും ഒരു റിപ്പോർട്ട് വാങ്ങേണ്ടതും അപ്രകാരമുള്ള നെൽകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവസാനിക്കുന്ന തീയതി സംബന്ധിച്ച് തീരുമാനം എടുക്കേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(4) (4)-ാം ഉപവകുപ്പിനു പകരം താഴെ പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്. അതായത്

(4) (3)-ാം ഉപവകുപ്പോ (3 ഡി) ഉപവകുപ്പോ (3 ജി) ഉപവകുപ്പോ പ്രകാരം പഞ്ചായത്തിന്റെ /

മുനിസിപ്പാലിറ്റിയുടെ / കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുള്ള നെൽവയൽ, അത് നേരിട്ട് കൃഷി ചെയ്യുന്നില്ലെങ്കിൽ ബാധകമാകുന്നിടത്ത് (3)-ാം ഉപവകുപ്പ് പ്രകാരം ഒപ്പിട്ട് പൂർത്തീകരിച്ച ഉടമ്പടിയിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തവിധം പ്രസ്തുത നെൽവയൽ കൃഷിചെയ്യുന്നതിനുള്ള അവകാശം ഒരു സമയം പരമാവധി രണ്ട് വർഷക്കാലയളവിലേയ്ക്ക് ലേലം ചെയ്തോ മറ്റുവിധത്തിലോ ഏൽപ്പിച്ചുകൊടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാവുന്നതും അതിനുള്ള ക്രമീകരണം ചെയ്യാവുന്നതുമാണ്.

(5) (5)-ാം ഉപവകുപ്പിനു പകരം താഴെപറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത്

(5) (4) -ാം ഉപവകുപ്പ് പ്രകാരം ലേലം വഴിയല്ലാതെ പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കുമ്പോൾ താഴെപറയുന്ന പ്രകാരം ഏജൻസികളുടെ മുൻഗണനാക്രമം പാലിക്കേണ്ടതാണ്. അതായത്

(i) പാടശേഖര സമിതികൾക്ക് അഥവാ സംയുക്ത കർഷക സംഘങ്ങൾക്ക്.

(ii) സ്വയം സഹായ സംഘങ്ങൾക്ക്

(iii) നെൽവയൽ സ്ഥിതിചെയ്യുന്ന ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റി / കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക്.

എന്നാൽ ഒരു ലേലം വഴി പ്രസ്തുത അവകാശം ഏൽപ്പിച്ചു കൊടുക്കുന്നിടത്ത്, മുകളിൽ വ്യക്തമാക്കിയ ഏജൻസികളിൽ ഏതിനും അപ്രകാരമുള്ള ലേലത്തിൽ പങ്കെടുക്കാവുന്നതാണ്.

(6) (6)-ാം ഉപവകുപ്പിൽ "അവകാശം ലഭിക്കുന്ന ആൾ" എന്ന വാക്കുകൾക്കു പകരം "അവകാശം ഏൽപ്പിച്ചുകൊടുക്കപ്പെട്ട ഏജൻസി" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

(7) (7) -ാം ഉപവകുപ്പിനു പകരം താഴെപറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്. അതായത്

(7) (4) ഉപവകുപ്പ് പ്രകാരം നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അവകാശം ഏൽപ്പിച്ചുകൊടുക്കപ്പെട്ട ഏജൻസി, പ്രസ്തുത നെൽവയൽ കൃഷി ചെയ്യുന്നതിനുള്ള അനുമതി നെൽവയലിന്റെ അനുഭവക്കാരൻ നൽകുമ്പോഴെല്ലാം പ്രസ്തുത നെൽവയലിന് കരാർ പ്രകാരമുള്ള പ്രതിഫലം നെൽവയലിന്റെ അനുഭവക്കാരന് മുൻകൂറായി നൽകേണ്ടതും ആ തുക കൃഷി ചെയ്യുന്നതിനുവേണ്ടിവന്ന ചെലവിന്റെ ഭാഗമായിരിക്കുന്നതുമാണ്.

(8) (8)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത്:-

(9) (4)-ാം ഉപവകുപ്പ് പ്രകാരം ഒരു ഏജൻസിക്ക്, പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ കൃഷി ചെയ്യുവാൻ ഏൽപ്പിച്ചുകൊടുത്ത നെൽവയലിന്റെ അനുഭവക്കാരൻ, 1882-ലെ ഇന്ത്യൻ ഈസ്മെന്റ് ആക്റ്റിൽ (1882-ലെ V-ാം കേന്ദ്ര ആക്ട്) വിഭാവനം ചെയ്യുന്ന ഒരു ലൈസൻസർ ആയി കരുതപ്പെടുന്നതും, അപ്രകാരമുള്ള കൃഷി ഏൽപ്പിച്ചുകൊടുക്കപ്പെട്ട ഏജൻസി, ഒരു ലൈസൻസി ആയി കരുതപ്പെടുന്നതും, പ്രസ്തുത ആക്റ്റിലെ വ്യവസ്ഥകൾ, ആവശ്യമായ ഭേദഗതികളോടെ, നെൽവയലിന്റെ അനുഭവക്കാരനും കൃഷി ചെയ്യാൻ ഏൽപ്പിച്ചുകൊടുക്കപ്പെട്ട ഏജൻസിയും തമ്മിലുള്ള തർക്കങ്ങൾക്ക് ബാധകമാകുന്നതുമാണ്.

എന്നാൽ, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, നെൽവയലിൽ കൃഷി ചെയ്യുന്നതിനായി ക്രമീകരണം ചെയ്ത കാലയളവിൽ, ലൈസൻസർ, ദാനം, വിൽപ്പന, പണയം അല്ലെങ്കിൽ മറ്റുവിധത്തിൽ, നെൽവയൽ കൈമാറ്റം ചെയ്യുന്നപക്ഷം, നെൽവയലിന്റെ പുതിയ അനുഭവക്കാരൻ ലൈസൻസർ ആയി കരുതപ്പെടുന്നതാണ്.

(10) (4)-ാം ഉപവകുപ്പുപ്രകാരം, നെൽവയലിലെ കൃഷി ഏൽപ്പിക്കപ്പെട്ട-

(i) ഏജൻസിക്ക്, നെൽകൃഷി ചെയ്യുവാൻ ഏൽപ്പിക്കപ്പെട്ട കാലയളവിൽ, നെൽകൃഷി

ചെയ്യുന്നതിന് പൂർണ്ണമായ അധികാരത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(ii) ഏജൻസിക്ക്, വിള ഇൻഷ്വറൻസ്, ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ആശ്വാസസഹായം, കൃഷി ഏൽപ്പിച്ചുകൊടുക്കപ്പെട്ട കാലയളവിൽ, സംസ്ഥാന സർക്കാർ കർഷകർക്ക് നൽകിയിട്ടുള്ള മറ്റ് ഏതെങ്കിലും ആനുകൂല്യങ്ങൾ, സൗകര്യങ്ങൾ എന്നിവ ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്;

(iii) ഏജൻസി, നെൽവയലിന് ഏതെങ്കിലും നാശനഷ്ടം വരുത്താൻ പാടില്ലാത്തതും, നാശനഷ്ടം, ഏതെങ്കിലും, വരുത്തിയിട്ടുണ്ടെങ്കിൽ നെൽവയലിന്റെ അനുഭവക്കാരന് ഏജൻസി ബാദ്ധ്യസ്ഥനാ യിരിക്കുന്നതുമാണ്.

(iv) ഏജൻസി, നെൽകൃഷി ഏൽപ്പിക്കപ്പെട്ട കാലയളവിൽ, ഭൂമിയുടെ അതിരുകളോ സർവ്വേക്കല്ലുകളോ മാറ്റംവരുത്താൻ പാടുള്ളതല്ല.

(v) ഏജൻസി, നെൽവയിലിൽ നിന്നും, മണലോ കളിമണ്ണോ മറ്റ് ഏതെങ്കിലും ധാതുക്കളോ ഖനനം ചെയ്യാൻ പാടുള്ളതല്ല.

(vi) ഏജൻസി, നെൽവയലിൽ, ഭൂവുടമസ്ഥന്റെ രേഖാമൂലമുള്ള അനുതികൂടാതെ സ്ഥിരം നിർമ്മാണങ്ങളോ എടുപ്പുകളോ നിർമ്മിക്കുവാൻ പാടുള്ളതല്ല.

എന്നാൽ, സ്ഥിരം കെട്ടിടങ്ങളോ എടുപ്പുകളോ നിർമ്മിക്കുവാൻ നൽകുന്ന അനുമതി, പ്രസ്തുത ലൈസൻസിലെ റദ്ദാക്കാൻ പാടില്ലാത്ത ഒന്നാക്കി മാറ്റുന്നതല്ല.

(11) നെൽകൃഷി ചെയ്യുവാനായി നെൽവയൽ, ഏജൻസിയെ ഏൽപ്പിച്ച കാലയളവ് അവസാനിക്കുന്നതിന്മേൽ, ലൈസൻസ് അവസാനിച്ചതായി കരുതപ്പെടുന്നതാണ്.

(12) പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ ചെയ്യുന്ന കൃഷിയോ, (4)-ാം ഉപവകുപ്പ് പ്രകാരം, ലേലം ചെയ്തോ ഏൽപ്പിച്ചുകൊടുത്ത ഏജൻസി മുഖാന്തിരം ചെയ്യുന്ന കൃഷിയോ, നെൽവയലിൽ നെൽകൃഷി ചെയ്യേണ്ടതാണെന്നുള്ള നിബന്ധനയ്ക്ക് വിധേയമായിരിക്കുന്നതും, അപ്രകാരം ചെയ്യുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം, റവന്യൂ ഡിവിഷണൽ ഓഫീസർ, നെൽവയലിന്റെ അനുഭവക്കാരന്റെയോ സമിതിയുടെയോ പഞ്ചായത്തിന്റെയോ മുനിസിപ്പാലിറ്റിയുടെയോ കോർപ്പറേഷന്റെയോ അപേക്ഷയിന്മേലോ അല്ലെങ്കിൽ തനിക്ക് സ്വയം ബോധ്യമാവുമ്പോഴോ, പഞ്ചായത്തിനെയോ മുനിസിപ്പാലിറ്റിയെയോ കോർപ്പറേഷനെയോ അല്ലെങ്കിൽ കൃഷി ചെയ്യാൻ ഏൽപ്പിക്കപ്പെട്ട ഏജൻസിയെയോ കൃഷി ചെയ്യാൻ ഏൽപ്പിക്കപ്പെട്ട കാലയളവ് തീരുന്നതിനുമുൻപായി സമ്മറിയായി ഒഴിപ്പിക്കേണ്ടതും, അതതു സംഗതിപോലെ, അപ്രകാരം കൃഷിചെയ്യുവാൻ വീഴ്ചവരുത്തിയതുമൂലം ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിന്, പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ അല്ലെങ്കിൽ ഏജൻസി ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

എന്നാൽ, അപ്രകാരം ഒഴിപ്പിക്കുന്നതിന് മുൻപായി, കൃഷി ചെയ്യുവാൻ ഏൽപ്പിക്കപ്പെട്ട പഞ്ചായത്തിനോ മുനിസിപ്പാലിറ്റിക്കോ കോർപ്പറേഷനോ ഏജൻസിക്കോ പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകേണ്ടതാണ്.

**അനുബന്ധം -4**

**സംസ്ഥാനത്തെ കഴിഞ്ഞ അഞ്ച് വർഷങ്ങളിലെ (2015-16 മുതൽ 2020-21 വരെ) നെൽകൃഷി വിസ്തൃതി സംബന്ധിച്ച വിവരങ്ങൾ :**

| **വർഷം** | **വിസ്തൃതി (ഹെക്ടർ)** |
|---|---|
| 2015-16 | 196870 |
| 2016-17 | 171398 |
| 2017-18 | 194235 |
| 2018-19 | 202907 |
| 2019-20 | 198180 |

*** 2020-21 കൃഷിയുടെ കണക്കുകൾ പ്രസ്തുത വകുപ്പ് നാളിതുവരെ ഔദ്യോഗികമായി പ്രസിദ്ധപ്പെടുത്തിയിട്ടില്ല .**